ഫ്രീ ഹോൾഡ് പ്രോപ്പർട്ടി

ഉടമകൾക്കും കുടുംബങ്ങൾക്കും പുതിയതരം വിസ ആലോചനയിൽ

അബുദാബി: ഫ്രീ ഹോൾഡ് പ്രോപ്പർട്ടി വാങ്ങുന്നവർക്ക്, ആറുമാസം കൂടുമ്പോൾ പുതുക്കാവുന്ന താമസ വിസ ഏർപ്പെടുത്താൻ അധികൃതർ ആലോചിക്കുന്നു. ഇത്തരക്കാരുടെ ആശ്രിതർക്കും കുടുംബാംഗങ്ങൾക്കും ഇതേവിസ നൽകും.

ഫ്രീ ഹോൾഡ് പ്രോപ്പർട്ടികൾക്ക് ആവശ്യക്കാർ കുറയുന്നതിന് തടയിടാനാണ് ആനുകൂല്യങ്ങൾ. ഫ്ളാറ്റുകളുടെയും വില്ലകളുടെയും വില 20 ശതമാനം മുതൽ 50 ശതമാനം വരെ കുറയുകയും ചെയ്തു.

പുതിയ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് ഗൗരവമായ ആലോചന നടന്നുവരുന്നെന്ന് ഫെഡറൽ താമസ കുടിയേറ്റ വകുപ്പ് ആക്ടിംഗ് ഡയറക്ടർ ജനറൽ ബ്രിഗേഡിയർ നാസിർ അൽ അവാദി അൽ മിൻഹാലി പറഞ്ഞു. വിസയ്ക്ക് എന്തു ചെലവു വരുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ലെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ, ഫ്രീ ഹോൾഡ് പ്രോപ്പർട്ടി നടത്തിപ്പുകാർ ഇതിൽ തൃപ്തരല്ല. ആറുമാസ കാലാവധി വളരെ ചുരുങ്ങിപ്പോയി. സന്ദർശക വിസയ്ക്ക് തുല്യമാണിത് -ഷെർവുഡ്സ് കൺസൽട്ടൻസി മേധാവി വിൻസന്റ് ഈസ്റ്റൺ അഭിപ്രായപ്പെട്ടു.

പുതുക്കാവുന്ന തരത്തിലുള്ള മൂന്നു വർഷത്തെ വിസയാണ് ദുബൈയിൽ മുമ്പ് ഇന്ത്യക്കാർക്കും മറ്റും വാഗ്ദാനം ചെയ്തിരുന്നത്. ചിലരുടെ വിസാ അപേക്ഷ മടങ്ങിപ്പോയപ്പോഴാണ് ഫ്രീ ഹോൾഡ് പ്രോപ്പർട്ടി ആവശ്യക്കാരുടെ എണ്ണത്തിൽ കുറവുവന്നത്.

ദിയാർ പ്രോപ്പർട്ടീസ് മുന്നോട്ട്

ദുബൈ: 2009ൽ ഒമ്പത് പദ്ധതികൾ പൂർത്തിയാക്കുമെന്ന് പ്രമുഖ റിയൽ എസ്റ്റേറ്റ് കമ്പനിയായ ദിയാർ ഡെവലപ്മെന്റ് വ്യക്തമാക്കി.

1300 യൂനിറ്റുകളാണ് പൂർത്തിയാക്കി നടത്തിപ്പുകാർക്ക് കൈമാറുക. ബിസിനസ് ബേയിൽ ദി സിറ്റാഡൽ എന്ന വാണിജ്യ കേന്ദ്രം, ഹാമിൽട്ടൺ റസിഡൻസി, എന്നിവ ഇതിൽ ഉൾപ്പെടും. ടികോമിനു സമീപം 24 നിലയുള്ള ഭവന കേന്ദ്രവും 2009ൽ കൈമാറുമെന്ന് സി ഇ ഒ മാർക്കസ് ഗീബൽ അറിയിച്ചു.

ദുബൈ സിലിക്കോൺ ഒയാസിസിൽ നിരവധി ഭവന നിർമാണ പദ്ധതികളുണ്ട്. കോറൽ റെസിഡൻസ്, ജേഡ് റസിഡൻസ്, എന്നിവ അവയിൽ ചിലതാണ്. അതൊക്കെ 2009ൽ തന്നെ പൂർത്തിയാക്കും. ആഗോള സാമ്പത്തിക മാന്ദ്യം ദിയാറിനെ ബാധിച്ചിട്ടില്ല -മാർക്കസ് ഗീബൽ വ്യക്തമാക്കി.

സാമ്പത്തിക മാന്ദ്യം മൂർധന്യാവസ്ഥ പിന്നിടുന്നുവോ?

തയ്യാറാക്കിയത്: **കെ എം അബ്ബാസ്**

സാമ്പത്തിക മാന്ദ്യം സംബന്ധിച്ച ആശങ്കകൾ പതുക്കെയാണെങ്കിലും കെട്ടടങ്ങുകയാണ്. എന്നാലും കമ്പോളം പഴയതുപോലെയാകില്ലെന്നും കഴിഞ്ഞ വർഷം നവംബറിൽ മൂർധന്യത്തിലെത്തിയ മാന്ദ്യത്തിന്റെ അനുരണനം ഇപ്പോഴും ഉണ്ടെന്നും ചിലരെങ്കിലും ഭയപ്പെടുന്നു. അതുകൊണ്ടാണ് നിക്ഷേപം ഇറക്കാൻ പലരും മടിക്കുന്നത്. നിക്ഷേപകരിലും ഇടപാടുകാരിലും മറ്റും ആത്മവിശ്വാസം പകരുന്ന നിരവധി നടപടികൾ സർക്കാറുകൾ കൈക്കൊള്ളുന്നത് കാണാതിരുന്നുകൂടാ. സർക്കാറുകളും സ്വകാര്യ സംരംഭകരും ഒത്തുപിടിച്ചാലേ സമൂഹത്തെയാകെ ബാധിച്ച നീരാളിപ്പിടുത്തം അയഞ്ഞുപോവുകയുള്ളൂ.

വിദേശ ഇന്ത്യക്കാർക്ക് പ്രതീക്ഷ നൽകുന്ന പ്രഖ്യാപനങ്ങളും നടപടികളും പല ഭാഗത്തുനിന്നും ഉണ്ട്. ഗൾഫിൽ നിർമാണ പ്രവർത്തനങ്ങൾക്ക് മുടക്കമുണ്ടാകില്ലെന്ന് മിക്ക ഭരണകൂടങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. സഊദി അറേബ്യയിൽ വൻകിട പദ്ധതികൾ തടസം കൂടാതെ മുന്നോട്ടുപോകുന്നു. എണ്ണവില വർധിക്കുന്നതോടെ കൂടുതൽ പദ്ധതികൾ പ്രഖ്യാപിക്കുമെന്ന ശുഭവാർത്തയുമുണ്ട്.

ലോകത്തിലെ തന്നെ ഏറ്റവും വലിയ നിർമാണ പദ്ധതികൾ സഊദി ഏറ്റെടുത്തിട്ടുണ്ട്. 5407 കോടി ഡോളറിന്റെ പദ്ധതികളാണ് സഊദി അറേബ്യ 2008 സെപ്തംബറിൽ പ്രഖ്യാപിച്ചത്. അതിൽ ഒന്നുപോലും മുടങ്ങിയിട്ടില്ല. ഈ വർഷം ഇതിനേക്കാൾ വലിയ പദ്ധതികൾ ലക്ഷ്യമിടുന്നു.

സ്വകാര്യ സംരംഭകരും ആവേശത്തിലാണ്. ലോകത്ത് ഏറ്റവും സാധ്യതയുള്ള രാജ്യങ്ങളിലൊന്നായി സഊദി മാറിയിട്ടുണ്ട്. 1.5 കോടി ജനങ്ങൾ 30 വയസിനു താഴെയുള്ളവരാണ്. മിക്കവരും വിദ്യാസമ്പന്നർ. അവർക്ക് പുതിയ താമസ സൗകര്യങ്ങളും വാണിജ്യ വ്യവസായ പദ്ധതികളും വേണം. അതുകൊണ്ടുതന്നെ വികസന വൈവിധ്യവത്കരണം ഭരണാധികാരികളുടെ പ്രധാന അജണ്ടയാണ്. കിംഗ് അബ്ദുല്ല ഇക്കണോമിക് സിറ്റിക്കു വേണ്ടി 2700 കോടി ഡോളർ സർക്കാർ നീക്കിവെച്ചിട്ടുണ്ട്. പാർപ്പിട കേന്ദ്രങ്ങളും വ്യവസായ വാണിജ്യ കേന്ദ്രങ്ങളും അടങ്ങുന്ന വൻനഗരമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ജിദ്ദയ്ക്ക് നൂറു കിലോമീറ്റർ വടക്കുമാറി ഏക്കർ കണക്കിന് സ്ഥലത്ത് പണിയുന്ന നഗരം 20 വർഷം കൊണ്ട് പൂർത്തിയാകും. വാഷിംഗ്ടൺ ഡി സിക്കു തുല്യമായ വലുപ്പം ഉണ്ടാകുമെന്നാണ് അധികൃതർ വ്യക്തമാക്കിയത്. 15 ലക്ഷം പേർക്ക് താമസ സൗകര്യമുണ്ടാകും. 12 വർഷത്തിനകം 60 ലക്ഷം ഭവനങ്ങൾ ഒരുക്കുമെന്ന് സി ഇ ഒ ഫഹദ് അൽ റശീദ് വ്യക്തമാക്കി. ദുബൈ അലുമിനിയം കമ്പനിയായ ദുബാൽ ഇവിടെ വ്യവസായം തുടങ്ങുന്നുണ്ട്. 40,000 പേർക്ക് ഇപ്പോഴും തൊഴിൽ സാധ്യതയുണ്ട്.

യു എ ഇയിലും തൊഴിൽ സാധ്യത വറ്റിയിട്ടില്ലെന്ന് ദുബൈയിലെ ബെസ്റ്റ് ട്രാക്ക് കൺസൽട്ടിംഗ് മേധാവി അശോക് പിള്ള ആണയിടുന്നു.

'വ്യവസായ മേഖലയിൽ ഹെവി ഡ്യൂട്ടി ഡ്രൈവർമാരെയും എൻജിനീയർമാരെയും ഇനിയും ആവശ്യമുണ്ട്. ഇലക്ട്രോമെക്കാനിക്കൽ കമ്പനികളുടെയും മറ്റും പ്രവർത്തനം നിർബാധം തുടരുന്നു. ഒന്നോ രണ്ടോ റിയൽ എസ്റ്റേറ്റ് കമ്പനികൾ ജീവനക്കാരെ പിരിച്ചുവിട്ടുവെന്നുവെച്ച് എല്ലാം തകർന്നു എന്നു കരുതുന്നതിൽ അർഥമില്ല. ഉണ്ട ചോറിനു നന്ദി കാണിക്കാത്തവരായി മാറരുത്. എന്തെല്ലാം കഥകളാണ് പടച്ചുവിടുന്നത്? തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് മടങ്ങിയവർക്ക് തിരിച്ചുവരാൻ ഇനിയും സാധ്യതകളുണ്ട്. ഒരു തരത്തിലും മടങ്ങി വരാൻ പറ്റാത്തവരുടെ പുനരധിവാസമാണ് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഏറ്റെടുക്കേണ്ടത് -അശോക് പിള്ള ചൂണ്ടിക്കാട്ടി.

ഊതി വീർപ്പിച്ച കുമിളകളെ ശുദ്ധീകരിക്കുന്ന പ്രക്രിയ പൂർത്തിയാകുന്നതോടെ സാമ്പത്തിക രംഗം പഴയ ചടുലത വീണ്ടെടുക്കുമെന്നു തന്നെയാണ് ഭൂരിപക്ഷം പേരും ഇപ്പോൾ വിശ്വസിക്കുന്നത്. ശുദ്ധീകരണത്തിനും ക്രമീകരണത്തിനും എത്ര നാൾ വേണ്ടി വരുമെന്നത് മാത്രമാണ് പുതിയ ചോദ്യം.

നാളെ: അബുദാബിയിലെ പദ്ധതികളും
ഡോ. രവി പിള്ളയുടെ പ്രതീക്ഷകളും

സ്വദേശികളെ പിരിച്ചു വിടുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി ശക്തമാക്കുന്നു

സ്വന്തം ലേഖകൻ

ദുബൈ: സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്വദേശി ജീവനക്കാരെ പിരിച്ചുവിടുന്നതിന് മന്ത്രാലയങ്ങൾ കൂടുതൽ നിയന്ത്രണമേർപ്പെടുത്തുന്നു.

തൊഴിൽ മന്ത്രാലയത്തിനു പിറകേ സാമ്പത്തിക മന്ത്രാലയവും പിരിച്ചു വിടലിനെതിരെ കഴിഞ്ഞ ദിവസം ഉത്തരവ് പുറപ്പെടുവിച്ചു. തൊഴിൽ നിയമത്തിൽ ലംഘനം വരുത്തിയാലല്ലാതെ സ്വദേശി ജീവനക്കാരെ പിരിച്ചുവിടരുതെന്ന് മന്ത്രാലയം സ്വകാര്യ സ്ഥാപനങ്ങൾക്ക് താക്കീതു നൽകി.

ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന വിദേശി ജോലിയിൽ തുടരുകയും സ്വദേശിയെ പിരിച്ചുവിടുകയും ചെയ്താൽ സ്ഥാപനം നിയമലംഘനം നടത്തിയതായി കണക്കാക്കും.

സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സ്വദേശികളുടെയും തൊഴിലുടമയുടെയും അവകാശങ്ങളും കടമകളും നിർവചിക്കുന്നതിനാണ് പുതിയ നിർദേശമെന്ന് തൊഴിൽ മന്ത്രാലയം ആക്ടിംഗ് ഡയറക്ടർ ജനറൽ ഹുമൈദ് ബിൻ ദീമാസ് അറിയിച്ചു. സ്വദേശികളെ പിരിച്ചുവിടുന്നത് നിയന്ത്രിക്കുക മാത്രമാണ് ഉദ്ദേശ്യമെന്നും കാര്യക്ഷമത കുറഞ്ഞവരെ പിരിച്ചുവിടുന്നത് തടഞ്ഞിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിൽ നിയമ ലംഘനത്തെത്തുടർന്ന് സ്വദേശി ജീവനക്കാരെ പിരിച്ചുവിടാൻ നിർബന്ധിതരാകുന്ന സ്ഥാപനങ്ങൾ, അക്കാര്യം 30 ദിവസം മുമ്പ് മന്ത്രാലയത്തെ അറിയിക്കണം. മന്ത്രാലയം തൊഴിലുടമയും ജീവനക്കാരനുമായി ചർച്ച നടത്തും. കൂടാതെ, പിരിച്ചുവിടുന്നതിനു കാരണമായി സ്ഥാപനം അറിയിക്കുന്ന കാര്യങ്ങളെപ്പറ്റി വിശദമായി അന്വേഷിച്ച് മന്ത്രാലയം സ്ഥാപനത്തെ വിവരമറിയിക്കും. ശേഷം മാത്രമേ നടപടി സ്വീകരിക്കാവൂ എന്നാണ് നിർദേശം.

സ്മാർട്ട്സിറ്റി: അന്തിമ നിലപാട് ടികോം ഇന്ന് പ്രഖ്യാപിക്കും

ദുബൈ: കൊച്ചിയിൽ സ്മാർട്ട്സിറ്റി പണിയുന്നത് സംബന്ധിച്ച അന്തിമ നിലപാട് ടികോം അധികൃതർ ഇന്ന് ദുബൈയിൽ വ്യക്തമാക്കും. ഇന്നു രാവിലെ മീഡിയാ സിറ്റിയിൽ വാർത്താ സമ്മേളനത്തിൽ സി ഇ ഒ ഫരീദ് അബ്ദുർറഹ്മാൻ എല്ലാം വിശദീകരിക്കുമെന്നാണ് അറിയിപ്പ്.

ടികോമിനെ സാമ്പത്തിക മാന്ദ്യം ബാധിച്ചതിനാൽ കൊച്ചി സ്മാർട്ട്സിറ്റി പദ്ധതി വൈകിയേക്കുമെന്ന് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ ഇക്കഴിഞ്ഞ ദിവസം നിയമസഭയെ അറിയിച്ചിരുന്നു. അതിനുള്ള മറുപടിയാണ് ഇന്ന് നൽകുക. ഇന്ത്യൻ മാധ്യമ പ്രവർത്തകരെ ടികോം പ്രത്യേകം ക്ഷണിച്ചിട്ടുമുണ്ട്.

മാൾട്ടയിലും ടികോം സ്മാർട്ട്സിറ്റി പണിയുന്നുണ്ട്. അതിന്റെ വിപണന തന്ത്രങ്ങളുമായി ടികോം മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ, കൊച്ചി പദ്ധതി സംബന്ധിച്ച അനിശ്ചിതത്വം തുടരുന്നത് കേരള സർക്കാറിന്റെ പിടിപ്പുകേടു കൊണ്ടാണെന്ന് ചിലരെങ്കിലും വിലയിരുത്തുന്നു.

പുസ്തക പ്രകാശനവും സാഹിത്യ സദസ്സും

അജ്മാൻ: എഴുത്തുകാരൻ വെള്ളിയോടന്റെ പത്ത് കഥകളുടെ സമാഹാരമായ 'സിൻഡ്രെല'യുടെ പ്രകാശനം പാം പുസ്തകപ്പുരയുടെ ആഭിമുഖ്യത്തിൽ നാളെ വൈകിട്ട് അഞ്ചിന് അജ്മാൻ അൽസാദ് ഇന്ത്യൻ സ്കൂളിൽ നടക്കും. എൻ എം പണിക്കർ, ജ്യോതി കുമാർ, നാസർ ബേപ്പൂർ, കെ പി കെ വെങ്ങര, മനാഫ് കേച്ചേരി, ജോസ് ആന്റണി കുരീപ്പുഴ തുടങ്ങിയവർ സംബന്ധിക്കുന്ന സാഹിത്യസദസ്സ് നടക്കും. വിവരങ്ങൾക്ക് 050 4146105.

ആത്മീയ സംഗമം

ദുബൈ: എസ് വൈ എസ് തൃശൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന ആത്മീയ മജ്ലിസ് ഇന്ന് രാത്രി ഒമ്പതിന് ബർദുബൈ ഹെറിറ്റേജ് വില്ലേജ് മസ്ജിദിൽ നടക്കും. വിവരങ്ങൾക്ക് 050 2645814.

മാർ ഇവാന്യോസ് കോളജ് അലുംനി ഫോറം സംഘടിപ്പിച്ച ബാസ്കറ്റ് ബോൾ ടൂർണമെന്റ് മേഘാലയ മുൻ ഗവർണർ എം എം ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. ഒന്നാം സ്ഥാനം നേടിയ മാർ ഇവാനിയോസ് ടീം ട്രോഫിയുമായി

അബുദാബി വിമാനത്താവളത്തിലും ഫേസ് മാപ്പിംഗ് നിലവിൽ വന്നു

റഫീഖ് വൈലത്തൂർ

അബുദാബി: നുഴഞ്ഞുകയറ്റക്കാരെയും പ്രവേശനം നിരോധിക്കപ്പെട്ടവരെയും കണ്ടെത്തുന്നതിന് നിലവിലുള്ള കണ്ണുപരിശോധനക്കു പുറമെ നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് മുഖത്തിന്റെ ഫോട്ടോ പകർത്തുന്ന 'ഫേസ് പ്രിന്റിംഗ്' അബുദാബി വിമാനത്താവളത്തിൽ ഔദ്യോഗികമായി ആരംഭിച്ചു. ഈ സംവിധാനം അബുദാബിയിലെ മുഴുവൻ അതിർത്തി കസ്റ്റംസുകളിലേക്കും ഈ വർഷം തന്നെ വ്യാപിപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു.

അബുദാബി പോലീസ് മേൽനോട്ടത്തിലാണ് ഈ സംവിധാനം ക്രമീകരിച്ചിരിക്കുന്നത്.

ലോകത്താദ്യമായാണ് വിമാനത്താവളത്തിൽ ഈ സംവിധാനത്തിനു തുടക്കമിട്ടിരിക്കുന്നതെന്ന് അധികൃതർ. കണ്ണ് പരിശോധന കാര്യക്ഷമമാക്കിയതോടെത്തന്നെ നിരവധി അനധികൃത കടന്നുകയറ്റക്കാരാണ് പിടിക്കപ്പെട്ടതെന്നും ഫേസ് പ്രിന്റിംഗു കൂടി നിലവിൽ വരുന്നതോടെ നുഴഞ്ഞുകയറ്റം പൂർണമായും അവസാനിപ്പിക്കാൻ കഴിയുമെന്നാണ് അധികൃതർ പ്രതീക്ഷിക്കുന്നത്.

പാസ്പോർട്ടിലും വിസയിലും കൃത്രിമം വരുത്തി രാജ്യത്തു കടക്കാൻ ശ്രമിക്കുന്നവർക്ക് കനത്ത തിരിച്ചടിയായിരിക്കും ഈ സംവിധാനം.

കുറ്റവാളികളെ കണ്ടെത്തുന്നതിനും രക്ഷപ്പെടാതിരിക്കാനും പുതിയ രീതി ഏറെ പ്രയോജനപ്പെടും.

താടിയെല്ലിന്റെ ആകൃതി, അവ തമ്മിലുള്ള അകലം, കൺകുഴികളും ഇരുനയനങ്ങൾ തമ്മിലുള്ള അകലം, നാസാകൃതി തുടങ്ങി മുഖത്തിന്റെ പൂർണമായ മാപ്പിംഗിലൂടെയാണ് ഓരോ വ്യക്തിയെക്കുറിച്ചുമുള്ള പൂർണ വിവരണം തയ്യാറാക്കപ്പെടുന്നത്. ഓരോ വ്യക്തിയും രാജ്യത്ത് പ്രവേശിക്കുമ്പോൾ അതിർത്തി, എയർപോർട്ട് കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ഈ വിവരങ്ങൾ അവരുടെ സ്ക്രീനിൽ തെളിയുന്നു.

നാളെ മുതൽ ഇന്ത്യൻ പാസ്പോർട്ട് വിസ സേവനങ്ങൾ എംപോസ്റ്റ് വഴിയും

ദുബൈ: ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളും എംപോസ്റ്റും ചേർന്ന് കോൺസുലാർ സേവനം തുടങ്ങുന്നു.

ആദ്യ സെന്റർ ഇന്നു രാവിലെ ദേര അറേബ്യൻ ഓട്ടോമൊബൈൽസ് കെട്ടിടത്തിനു പിറകിലെ അൽ ഉവൈസ് കെട്ടിടത്തിൽ ഉദ്ഘാടനം ചെയ്യും.

ദുബൈ ഇന്ത്യൻ കോൺസുൽ ജനറൽ വേണുരാജാമണി, എംപോസ്റ്റ് സി ഇ ഒ സുൽത്താൻ അൽ മിദ്ഫ എന്നിവർ പങ്കെടുക്കും. നാളെ മുതൽ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങും. പാസ്പോർട്ട്, വിസ സംബന്ധമായ അപേക്ഷകളാണ് സ്വീകരിക്കുക. രാവിലെ ഏഴുമുതൽ രാത്രി 10 വരെ എല്ലാ ദിവസവും സേവനം ഉണ്ടാകും.

യു എ ഇയിൽ 12 കേന്ദ്രങ്ങൾ തുടങ്ങുമെന്ന് നയതന്ത്ര കാര്യാലയങ്ങൾ അറിയിച്ചു. ഈ മാസം 22ന് ഇവയെല്ലാം തുറക്കും. www.ipavsc.com എന്ന വിലാസത്തിലോ 600 522229 എന്ന നമ്പറിലോ വിവരം ലഭിക്കും. കറാമ ബേബി ഷോപ്പിനു പിറകുവശം എമിറേറ്റ്സ് പോസ്റ്റിനു സമീപവും ഷാർജ അൽ വഹ്ദ റോഡിനു സമീപവും. ഷാർജ കോ-ഓപ്പറേറ്റീവ് ബിൽഡിംഗിനു എതിർവശവും എംപോസ്റ്റ് കേന്ദ്രങ്ങളിൽ അപേക്ഷ സ്വീകരിക്കുമെന്നും ബന്ധപ്പെട്ടവർ വാർത്താകുറിപ്പിൽ അറിയിച്ചു.

സഊദി അറേബ്യയിലും ഇന്ത്യൻ കോൺസുലാർ സേവനങ്ങൾ ഈയിടെ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചിരുന്നു. പഴയ കേന്ദ്രങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതെന്ന് യു എ ഇ നയതന്ത്ര കാര്യാലയ വൃത്തങ്ങൾ അറിയിച്ചു.

ഇന്ന്

1941
യുവജൂതന്മാരെ ആംസ്റ്റർഡാമിൽ നിന്ന് നാസി പോലീസ് നീക്കം ചെയ്തു.

1944
ബ്രിട്ടീഷ് വ്യോമസേന ബെർലിനിൽ ബോംബിട്ടു.

1949
ഇന്ത്യയിൽ കമ്യൂണിസ്റ്റുകളെ വ്യാപകമായി അറസ്റ്റുചെയ്തു.

1985
മിക്കിമൗസ് കാർട്ടൂൺ കഥാപാത്രങ്ങൾക്ക് ചൈനയിൽ അനുമതി.

2003
ഇറാനിയൻ സൈനിക വിമാനം സിറാച്ച് പർവത നിരകൾക്കു മുകളിൽ തകർന്ന് 275 പേർ മരിച്ചു.

സ്വർണം നിരക്ക്

24 ക്യാരറ്റ്	117.00 ദിർഹം
22 ക്യാരറ്റ്	109.50 ദിർഹം

എക്സ്ചേഞ്ച് നിരക്ക്

1000 ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ	
യു എ ഇ ദിർഹം	74.30
ഖത്തർ റിയാൽ	74.92
സഊദി റിയാൽ	77.16
ബഹ്റിൻ ദിനാർ	7.75
ഒമാൻ റിയാൽ	7.92
കുവൈത്ത് ദിനാർ	5.99
ഇന്ത്യൻ രൂപയുടെ വിനിമയം	
യൂറോ	62.50
യു എസ് ഡോളർ	48.60

അവശ്യ ഫോൺ നമ്പറുകൾ

എയർപോർട്ട്	
അബുദാബി	02 5757500
ദുബൈ	04 2166666
ഷാർജ	06 5581000
ഫുജൈറ	09 2055500
അൽഐൻ	03 7855555
റാസൽ ഖൈമ	07 2075000
പോലീസ്	999
ആംബുലൻസ്	998
ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ	991
ഫയർ	997
റോഡ് സേവനം	8004430
ടാക്സി	04 2080808
ടെലി. ഡയറക്ടറി	180/181
ടെലി. തകരാറ്	170
ടെലി. സേവനങ്ങൾ	101
ഇന്ത്യൻ എംബസി	02 4492700
ഫാക്സ്	02 4444685
കോൺസുലേറ്റ്	04 39711222
ഫാക്സ്	04 3970453

സ്വർണത്തിന് കൂടി; രൂപയ്ക്ക് കുറഞ്ഞു

ദുബൈ: ദുബൈയിലും സ്വർണത്തിന് വില കൂടി. ഇന്നലെ രാവിലെ 22 കാരറ്റിന് ഗ്രാമിന് 109.50 ദിർഹമായിരുന്നു. ഒരാഴ്ച മുമ്പ് 103 ദിർഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അതേസമയം, ഇന്ത്യൻ രൂപയുടെ വില ഇടിഞ്ഞു. ഇന്നലെ 74.30 രൂപയാണ് നിരക്ക്. ഒരു ദിവസം മുമ്പ് 75.10 ആയിരുന്നു. ബജറ്റിനുശേഷമാണ് നിരക്ക് കുറഞ്ഞത്.

തിരുവനന്തപുരം സ്വദേശി വാഹനമിടിച്ചു മരിച്ചു

ദുബൈ: റാശിദിയ്യയിൽ വാഹനമിടിച്ച് മലയാളി മരിച്ചു. തിരുവനന്തപുരം സ്വദേശിയാണെന്ന് പോലീസ് അറിയിച്ചു. ഇന്നലെ രാവിലെ റോഡ് മുറിച്ചു കടക്കുമ്പോൾ വാഹനമിടിക്കുകയായിരുന്നു. റാശിദ് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷപ്പെടുത്താനായില്ല.

ശൈഖ് സായിദ് റോഡിൽ കാറിടിച്ച് മറ്റൊരു ഏഷ്യക്കാരനും മരിച്ചു. ഇന്നലെ രാവിലെയാണ് അപകടം.

സിമന്റ് കയറ്റി വന്ന ട്രക്ക് മറിഞ്ഞ് ഗതാഗതം തടസപ്പെട്ടു

അജ്മാൻ: സിമന്റു കയറ്റി വന്ന ട്രക്ക് മറിഞ്ഞ് അജ്മാനിൽ നാലു മണിക്കൂറോളം ഗതാഗതം തടസപ്പെട്ടു. ശൈഖ് സായിദ് മസ്ജിദിനു സമീപം ചൊവ്വാഴ്ച രാത്രി ഒമ്പതുമണിയോടെയായിരുന്നു സംഭവം. ട്രക്കിന്റെ അമിതവേഗതയാണ് അപകടകാരണമെന്ന് അജ്മാൻ പോലീസ് ഓപറേഷൻ വിഭാഗം ഡയറക്ടർ മേജർ അഹമ്മദ് അൽ കഅ്ബി പറഞ്ഞു.

മറിഞ്ഞ ട്രക്കിലെ ഡ്രൈവർ പരുക്കുകളോടെ രക്ഷപ്പെട്ടു. ട്രക്കിനകത്ത് കുടുങ്ങിയ ഡ്രൈവറെ പോലീസ് എത്തിയാണ് പുറത്തെടുത്ത് ആശുപത്രിയിലേക്കു മാറ്റിയത്. പുലർച്ചെ രണ്ടു മണിയോടെയാണ് ഈ റോഡിലൂടെയുള്ള ഗതാഗതം പുനസ്ഥാപിക്കാനായത്. മറിഞ്ഞ ട്രക്ക് എടുത്തു മാറ്റിയാണ് ഗതാഗതത്തിന് റോഡ് തുറന്നു കൊടുത്തത്. ദുബൈ പോലീസ് സംഘവും സഹായത്തിനെത്തിയിരുന്നു.

SIRAJ CLASSIFIEDS

സിറാജ് ക്ലാസിഫൈഡ്സ്

Contact:
04 2293344
055 2293344
050 7127352

ആവശ്യമുണ്ട്

ഡ്രൈവർമാർ
ദൈദിലെ പ്രമുഖ കോൺട്രാക്ടിംഗ് കമ്പനിയിലേക്ക് പരിചയ സമ്പന്നരായ 2 ഡ്രൈവർമാരെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളം. വിസ ലഭ്യമാണ്. ബന്ധപ്പെടുക. AD/2661
050 5195174

വനിതാ ടൈലർ
പുതുതായി തുടങ്ങുന്ന ഒരു ടൈലറിംഗ് ഷോപ്പിലേക്ക് ഗൾഫ് പരിചയമുള്ള വനിതാ ടൈലറെ ആവശ്യമുണ്ട്. ബന്ധപ്പെടുക.
055 7370310 AD/2662

ടെക്നീഷ്യൻ, മെക്കാനിക്ക്
ഡെന്റൽ ടെക്നീഷ്യനേയും (യു എ ഇ ലൈസൻസുള്ളവർക്ക് മുൻഗണന. എ/സി മെക്കാനിക്കിനെയും ഉടൻ ആവശ്യമുണ്ട്. ബന്ധപ്പെടുക. AD/2665
050 5795317

നിങ്ങൾ മറന്നുവോ
നാട്ടിലുള്ള നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ജന്മദിനമോ വിവാഹമോ വിവാഹ വാർഷികമോ ഈ ആഴ്ചയല്ലേ? വിഷമിക്കേണ്ട. വിശേഷാവസരങ്ങൾ ഏതുമായിക്കൊള്ളട്ടെ...
48 മണിക്കൂറുകൾക്കകം നിങ്ങളുടെ സ്നേഹസന്ദേശങ്ങൾ പ്രിന്റ് ചെയ്ത കാർഡുകളും നിങ്ങളുടെ സമ്മാനങ്ങളും (കേക്ക്, ബൊക്കെ മുതലായവയും) കുറഞ്ഞ നിരക്കിൽ നാട്ടിൽ നിങ്ങൾക്കായി എത്തിക്കുന്നു.
ഇപ്പോൾ ന്യൂ ഇയർ, ക്രിസ്മസ് ഓഫർഗിഫ്റ്റ് പാക്കേജും ലഭ്യമാണ്. ഗ്രീറ്റിങ്ങ് കാർഡ് + ഫ്ളവർ+ ചോക്ലേറ്റ് ഡെലിവറി ചാർജുൾപ്പെടെ
25 ദിർഹം മാത്രം
HIBAS GIFTS
050 5961695, 02 5528864
Ad/2616

PAPA GIFTS
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് വിവാഹം, ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയ വിശേഷാവസരങ്ങളിൽ നാട്ടിലേക്കും ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിലേക്കും ബൊക്ക, കേക്ക് തുടങ്ങിയ സമ്മാനങ്ങൾ മിതമായ നിരക്കിൽ എത്തിച്ചു കൊടുക്കുന്നു.
Dubai -04 2732529
04 2713908, 050 6754813
Web: www.papagiftexpress.com
E-mail: papagift@emirates.net.ae
കാർഡ്, കേക്ക്/ ബൊക്ക
75 Dhs. മാത്രം.
Ad/2615

വെറും 20% തുക അടച്ച് വീട് സ്വന്തമാക്കൂ
തൃശൂരും എറണാകുളത്തും 20% മാത്രം അടച്ച് വീട്/ അപാർട്ട്മെന്റ് സ്വന്തമാക്കാം. EMI* അപാർട്ട്മെന്റ് കൈവശം എടുത്തതിനു ശേഷം മാത്രം.
050 4587615
* നിബന്ധനകൾക്ക് വിധേയം
Ad/2602

ഇനി എല്ലാം അതിവേഗം.....
അൽ അമൽ കാർഗോ
ഡോർ ടു ഡോർ സർവീസ്
നിങ്ങളുടെ എല്ലാവിധ പാർസലുകളും ഇന്ത്യയിൽ എവിടെയും നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു.
AIR CARGO & SEA CARGO
Best Price
Best Service
അബുദാബി, ഷഹാമ, ബനിയാസ്: 02 4459968, 050 5221103
Al-Ain-03 7220653, Mob:050 9060234
Ad/2598

വിൽപ്പനക്ക്

റോളയിൽ ഷോപ്പ്
ഷാർജയിൽ റോളാ സ്ക്വയറിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന മൊബൈൽ ഷോപ്പ് വിൽപ്പനക്ക്. ബന്ധപ്പെടുക. AD/2657
050 2196401, 055 8330313

ജെന്റ്സ് സലൂൺ ബ്യൂട്ടി സെന്റർ
ഉമ്മുൽ ഖുവൈനിൽ നല്ല നിലയിൽ നടന്നു കൊണ്ടിരിക്കുന്ന ജെന്റ്സ് സലൂൺ വിൽപ്പനക്ക്. കാലി ഷോപ്പായും വിൽക്കും. AD/2658
050 6392605

വിൽപ്പനക്ക്
പ്രതിമാസം 15,000 ദിർഹമിലധികം വരുമാനം ലഭിച്ചു കൊണ്ടിരിക്കുന്നതും നല്ല ലാഭവർധന (30,000 ദിർഹമിൽ കൂടുതൽ) പ്രതീക്ഷിക്കാവുന്നതുമായ ജനറൽ ട്രേഡിംഗ് ലൈസൻസ് സൗകര്യമുള്ള സ്ഥാപനം വിൽപ്പനക്ക്. പ്രതീക്ഷിക്കുന്ന സംഖ്യ 200,000 ദിർഹം (നെഗോഷ്യബിൾ). വിളിക്കുക.
050 8774637, 055 8547960 AD/2638

ബിസിനസ് സ്ഥാപനങ്ങൾ
നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വാങ്ങാൻ താത്പര്യമുണ്ട്. അതുപോലെ ബിസിനസ്സിൽ പുതിയ ആശയങ്ങളുള്ളവരോ നടപ്പാക്കാൻ താത്പര്യമുള്ളവരോ ബന്ധപ്പെടുക.
050 3284340 AD/2648

ഓരോരുത്തർക്കും ഒരു ലാപ് ടോപ്പ് ഓരോ വീട്ടിലും ഒരു കമ്പ്യൂട്ടർ
P4 with CRT 375 /-
ഒരു വർഷം GUARANTEE!!!
Laptops Dhs.550/- മുതൽ
550 Dhs. ന് ഫുൾ സിസ്റ്റം കേരളത്തിലെ വിടെയും നിങ്ങളുടെ വീട്ടിലെത്തിക്കുന്നു
Infetah Trading
Near Amin Optics, Clock Tower, SHARJAH
Opp. Post Office, Behind Municipality, Ajman
06-5638233, 055-3818108, 050-3818108
www.etcuae.com

അൽ ശിഫ
ആയുർവേദിക് നാച്വറൽ ട്രീറ്റ്മെന്റ് സെന്റർ
പഴയ ഇമിഗ്രേഷൻ സിഗ്നലിന് സമീപം, പഴയ സനയ്യ, പി ബി നമ്പർ: 29, അജ്മാൻ, യു എ ഇ
Ph: 06 7408646, Fax: 06 7403686,
Mob: 0505199348/2171281
35 വർഷത്തെ ചികിത്സാ പാരമ്പര്യവുമായി യു എ ഇയിലെ ഏക കളരി മർമ ചികിത്സാ കേന്ദ്രമായ അൽശിഫയിൽ പ്രശസ്ത ആയുർവേദ **വൈദ്യൻ ഡോ. ഹസൻകോയ ഗുരുക്കൾ** (പൊറ്റശ്ശേരി, കോഴിക്കോട്) എല്ലാവിധ ആയുർവേദ പാരമ്പര്യ ചികിത്സകൾക്കും മേൽനോട്ടം വഹിക്കുന്നു. ആയുർവേദ മരുന്നുകളോടൊപ്പം തന്നെ ഉഴിച്ചിൽ, പഞ്ചകർമ ചികിത്സകൾ, ധാര, ശിരോവസ്തി, ഇലക്കിഴി, ഞവരക്കിഴി, ചവിട്ടി ഉഴിച്ചിൽ എന്നീ ചികിത്സാമുറകളും ലഭ്യമാണ്.
AD/2646

Now Open
THREE CIRCLE AUTO PARTS
Beside Commercial Bank of Dubai
Tel.: 02 5551972, Mob.: 050 5462753
Mussafah, M/6 -Abu Dhabi, U.A.E
AUDI, VOLKS WAGEN, PORSCHE, SKODA എന്നീ വാഹനങ്ങളുടെ എല്ലാവിധ സ്പെയർ പാർട്സുകളും മിതമായ വിലക്ക് ലഭിക്കുന്നതാണ്.
AD/2622

5-ാം വർഷത്തിലേക്ക്...
P4 with branded new LCD monitor
All branded new and used Laptop and Desktop are available
"NO:1 IN CUSTOMERE SERVIESE
Call Now 0508965766
AL AHALI COMPUTERS | ELECTRONICS
ALMUAMIN COMPUTERS

USED COMPUTERS
LIKE NEW
1 YEAR WARRANTY
Special Offer!!
P4 with LCD
599 Dhs
550 Dhs.ന് ഫുൾ സിസ്റ്റം കേരളത്തിലെ വിടെയും നിങ്ങളുടെ വീട്ടിലെത്തിക്കുന്നു
EMIRATES TOWER COMPUTER
Near Amin Optics, Clock Tower, SHARJAH
Opp. Post Office, Behind Municipality, Ajman
06-7471755, 050 8443801, 050-4824625
www.etcuae.com

വാടകക്ക്

2 ബെഡ് റൂം ഹാൾ ഷാർജയിൽ
ഷാർജ നാഷനൽ പെയിന്റ് റൗണ്ട് എബൗട്ടിനു സമീപം 2 ബെഡ് റൂം ഹാൾ. ബന്ധപ്പെടുക.
050 9195796, 04 2586683
AD/2663

ജോലി ആവശ്യമുണ്ട്
20 വർഷത്തോളമായി യു എ ഇയിലുള്ള അറബി, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളറിയുന്ന ഡ്രൈവിംഗ് ലൈസൻസുള്ള വ്യക്തിക്ക് ജോലി ആവശ്യമുണ്ട്.
050 1827656 AD/2653

അക്കമഡേഷൻ
കസാമിയയിൽ ഫാമിലി റൂം
ഷാർജയിൽ എയർപോർട്ട് റോഡിന് സമീപം കസാമിയയിൽ 1 ബെഡ്റൂം, സ്റ്റുഡിയോ, ഹാൾ (ബാത്ത് + കിച്ചൺ അറ്റാച്ച്ഡ്). വില്ലയിൽ ഫാമിലിക്ക് അനുയോജ്യമായ റൂം ലഭ്യമാണ്. ബന്ധപ്പെടുക. AD/2642
050 7065499, 050 9414261

ഡ്രൈവർമാരെ ആവശ്യമുണ്ട്
യു എ ഇ ലൈസൻസുള്ള ലൈറ്റ്, ഹെവി ഡ്രൈവർമാരെ ആവശ്യമുണ്ട്. യു എ ഇയിൽ ഉള്ളവർക്കും നാട്ടിലുള്ളവർക്കും അപേക്ഷിക്കാം. വിളിക്കുക.
04 2727658,
050 3567064
E-mail: dubaijob@mail.com
AD/2572

എളുപ്പം ഇംഗ്ലീഷ് പഠിക്കുന്ന 'ഫോർമുല' വിജയം
അബുദാബിയിൽ വർഷങ്ങളായി നടന്നു വരുന്നതും വളരെ കൂടുതൽ ആളുകൾക്ക് ഗുണം ലഭിച്ചതുമായ 'ഫോർമുല' വഴി ഏറ്റവും എളുപ്പം ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും കഴിവുള്ളവരാക്കാൻ കുറഞ്ഞ ഫീസിൽ നല്ല പരിശീലനം നൽകുന്നു. ഇതോടൊപ്പം കമ്പ്യൂട്ടർ (MS Office, Auto Cad, Hardware, Photoshop, Corel draw) വിജയകരമായ 36-ാം ബാച്ചിലേക്കും **സ്ത്രീകൾക്കുള്ള പ്രത്യേക ബാച്ചിലേക്കും വെള്ളിയാഴ്ച മാത്രമുള്ള ബാച്ചിലേക്കും അഡ്മിഷനും** കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക.
അമീൻ (അബൂദാബി)
050 6710491 AD/2491